(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്ളാന്റേഷൻ റിലീഫ് കമ്മിറ്റി ഫണ്ട് ഉപയോഗിച്ച് പീരുമേട് താലൂക്കിൽ പൂർത്തിയാക്കിയിട്ടുള്ള കുടിവെള്ളപദ്ധതിയുടെ നടത്തിപ്പിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ധനകാര്യവകുപ്പിന്റെ ഇൻസ്പെക്ഷൻ (ടെക്നിക്കൽ) വിഭാഗത്തിന് പരാതി ലഭിച്ചിരുന്നു.

(ബി) ഇതു സംബന്ധിച്ച് പ്രസ്തുത കുടിവെള്ളപദ്ധതി പ്രദേശം പരിശോധന നടത്തുകയുണ്ടായി. കൂടുതൽ പരിശോധന ആവശ്യമായതിനാൽ വിശദമായ പരിശോധനയ്ക്കുശേഷം റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.

ട്രഷറി നിക്ഷേപത്തിലൂടെയുള്ള പശ്ചാത്തല വികസനം

144 (1739) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറി നിക്ഷേപത്തിലൂടെയുള്ള പശ്ചാത്തലവികസനം പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയിലൂടെ സംസ്ഥാനത്താകെ എത്ര കോടി രൂപ സമാഹരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ട്രഷറി നിക്ഷേപത്തിലൂടെ സമാഹരിച്ച തുകയ്ക്ക് ആനുപാതികമായി ഇത് വിനിയോഗിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതിയുടെ ഭാഗമായി എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) എം.എൽ.എ.മാർ മുൻകയ്യെടുത്ത് സ്വരൂപിക്കുന്ന മൂന്നു വർഷത്തിൽ കുറയാത്ത ട്രഷറി സ്ഥിര നിക്ഷേപങ്ങളുടെ 150% തുകയ്ക്ക് തുല്യമായ നിർമ്മാണ പ്രവൃത്തികൾ അതതു മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകുന്ന പദ്ധതിക്ക് ജി.ഒ.(ആർ.റ്റി.)നം. 5177/2010/ധന.തീയതി 29-6-2010 പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സ്വരൂപിക്കുന്ന നിക്ഷേപങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ ട്രഷറി വകുപ്പിൽ നിന്ന് ലഭിക്കുന്ന മുറയ്ക്കും അത് സംബന്ധിച്ച് നിയമസഭാ സാമാജികർ നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതാണ്.

(ബി) ഈ പദ്ധതിയിലൂടെ സംസ്ഥാനത്താകെ ഇതുവരെ 20.81 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് എം.എൽ.എ. മാരുടെ സഹകരണത്തോടുകൂടിയുള്ള ട്രഷറി നിക്ഷേപ സമാഹരണത്തിലൂടെ ലക്ഷ്യമിടുന്നത്. സർക്കാർ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളാണ് ഈ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഇതുവരെ ഭരണാനുമതിയൊന്നും നൽകിയിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

(നക്ഷത്രചിഹ്നമിടാത്ത 1522, 1523, 1524, 1529, 1530, 1531, 1539, 1540, 1546, 1547, 1549, 1550, 1556, 1557, 1558, 1559, 1560, 1561, 1562, 1564, 1565, 1574, 1575, 1576, 1577, 1578, 1580, 1581, 1591, 1596, 1597, 1608, 1610, 1613, 1619, 1620, 1621, 1622, 1625, 1626, 1633, 1634, 1635, 1636, 1643, 1645, 1646, 1650, 1651, 1653, 1654, 1656, 1658, 1661, 1663, 1665, 1668, 1670, 1671, 1673, 1674, 1678, 1679, 1680, 1684, 1702, 1716, 1718, 1721, 1724, 1725, 1728, 1734, 1737, 1738 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

9.30 A.M]

II അടിയന്തര പ്രമേയം

അന്യസംസ്ഥാന ലോട്ടറി ഇടപാട്

മി. സ്പീക്കർ : അന്യസംസ്ഥാന ലോട്ടറിയിടപാടിൽ കഴിഞ്ഞ നാല് വർഷം കൊണ്ട് 80,000 കോടി രൂപയുടെ തിരിമറി നടന്നുവെന്നും ഈ പണം തീവ്രവാദ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെന്ന ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടും ഈ പറഞ്ഞ കേസ് ദേശീയ കുറ്റാന്വേഷണ ഏജൻസിയായ സി.ബി.ഐ.യും എൻ.ഐ.എ.യും അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര ആഭ്യന്തരമന്ത്രിക്കും കത്ത് അയച്ചിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. വി. ഡി. സതീശൻ, സി. ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, എം. കെ. പ്രേംനാഥ്, കെ. ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ലോട്ടറി നടത്തിപ്പുകാർ കേന്ദ്ര ലോട്ടറി നിയമം ലംഘിച്ച് ദിനംപ്രതി കോടിക്കണക്കിന് രൂപ അനധികൃതമായി കേരളത്തിൽ നിന്ന് കടത്തിക്കൊണ്ടുപോവുകയാണ്. തെളിവുകൾ നിരത്തി ഇക്കാര്യം നിരവധിതവണ കേരളം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ലോട്ടറി നിയന്ത്രണ നിയമം അനുസരിച്ച് അന്യസംസ്ഥാന ലോട്ടറികൾ നിരോധിക്കാൻ കേന്ദ്ര ഗവൺമെന്റിന് മാത്രമേ അധികാരമുള്ളൂ. കേന്ദ്രമാകട്ടെ നാം നൽകുന്ന കത്തുകൾക്ക് 'പരിഗണനയിലാണ്' എന്ന മറുപടി മാത്രമാണ് നൽകുന്നത്. കേന്ദ്ര വിദേശമന്ത്രാലയം ഭൂട്ടാൻ അംബാസിഡറെ വിളിച്ച് ഒരു യോഗം നടത്തുകയും ആ യോഗത്തിൽ വെച്ച് ലോട്ടറി നിയന്ത്രണ നിയമത്തിന്റെ ഇന്നയിന്ന ലംഘനങ്ങൾ നടത്തുന്നുവെന്നും അത് പരിഹരിക്കണമെന്നും അദ്ദേഹത്തെ അറിയിക്കുകയും ചെയ്തിരുന്നു. ഈ യോഗത്തിന്റെ മിനിറ്റ്സ്

LIBRARY ARCHIVES Kerala Legislative Assembly